"ഭരണഭാഷ- മാതൃഭാഷ"

## വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം-33

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ:ഡോ.ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-പ്ലാനിംഗ്-ബെസ്റ്റ് ഇന്നവേഷൻ അവാർഡ്-നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഐ2/26367/17 നമ്പരായുള്ള 06/10/17, 12/10/17 തീയതികളിലെ ചുറ്ററിയിപ്പുകൾ

**ഉത്തരവ് നമ്പർ: ഐ2/26367/2017 തീയതി 21/10/2017**

നവംബർ 9-ന് നാഷണൽ എന്റർപ്രണർഷിപ്പ് ഡേ ആയി ആചരിക്കുന്നതിന്റെ ഭാഗമായി ഐ.ടി.ഐ ട്രെയിനികളുടെ ഇടയിൽ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്ന ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും നൽകുന്നതുമായി ബന്ധപ്പെട്ട് 'ബെസ്റ്റ് ഇന്നൊവേഷൻ' അവാർഡ് നൽകുന്നതിലേയ്ക്കായി വിവിധ മാർഗ്ഗ നിർദ്ദേശങ്ങളും സമയക്രമങ്ങളും പരാമർശ പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ജില്ലാതലത്തിലെ കണ്ടുപിടിത്തങ്ങളുടെ വിലയിരുത്തൽ 30/10/17-നും, മേഖലാതലത്തിൽ 05/11/2017-നും, സംസ്ഥാന തലത്തിൽ 06/11/17-നും കണ്ടുപിടിത്തങ്ങളുടെ പ്രദർശനവും വിലയിരുത്തലും, 07/11/17 മുതൽ 08/11/17 വരെയും അവാർഡ് ദാന ചടങ്ങ് 09/11/17 നുമാണ് നടത്താനായി നിശ്ചയിച്ചിരിക്കുന്നത്.

ഇന്നവേഷൻ അവാർഡിന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി ശ്രീ. കെ.എസ്. ധർമ്മരാജൻ, അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ (SPIU)-നെ നോഡൽ ഓഫീസറായി നിയോഗിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെ ടുവിക്കുന്നു.

ഇന്നവേഷൻ അവാർഡിന്റെ വിജയകരമായ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ നോഡൽ ഓഫീസറായ ശ്രീ. കെ.എസ്. ധർമ്മരാജൻ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
**ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

ഉള്ളടക്കം:മാർഗ്ഗ നിർദ്ദേശങ്ങൾ
സ്വീകർത്താവ്:- ശ്രീ. കെ.എസ്. ധർമ്മരാജൻ,
അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ (SPIU)

പകർപ്പ്:-
1) സി.എ റ്റു ഡി.റ്റി/എ.ഡി.റ്റി/ജെ.ഡി.റ്റി
2) ഡി.ഡി(പി)/ഡി.ഡി(റ്റി)/ഡി.എസ്.എ/എസ്എസ്(ഐ)/ കരുതൽഫയൽ(ഐ2)
3) എല്ലാ ഐ.ടി.മാർക്കും/ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
4) വകുപ്പ് വെബ്സൈറ്റ്

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**

" ഭരണ ഭാഷ മാതൃഭാഷ"

79

വളരെ അടിയന്തിരം

സമയബന്ധിതം

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ഐ2/26367/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം-33
തീയതി: 06.10.2017.

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് –പ്ലാനിംഗ് - പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിന് ഐ.ടി.ഐകളിലെ ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ അവാർഡ് നൽകുന്നത്- വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഐ2/26367/17 നമ്പരായുള്ള 04.10.2017 –ലെ ചുറ്ററിയിപ്പ്.

-------------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഐ.ടി.ഐ ട്രെയിനികളുടെ ഇടയിൽ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്ന ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതിന് തീരുമാനിച്ചിരിക്കുന്ന വിവരം സൂചന പ്രകാരം അറിയിച്ചിരുന്നു. ഓരോ ഐ.ടി.ഐയിൽ നിന്നും തെരഞ്ഞെടുക്കുന്ന പ്രബന്ധം/മോഡൽ അതാത് ജില്ലയിലെ നോഡൽ ഐ.ടി.ഐയിൽ 20.10.2017 ന് മുൻപ് എത്തിക്കണമെന്ന വിവരവും ഇതുമായി ബന്ധപ്പെട്ട നിബന്ധനകളുടെ വിവരങ്ങളും സൂചന പ്രകാരം നൽകിയിരുന്നു.

ഇതുമായി ബന്ധപ്പെട്ട വിവിധ സമയക്രമങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സമയക്രമം | തീയതി |
|---|---|---|
| 1 | പ്രബന്ധം/മോഡൽ അതാത് സ്ഥാപന മേധാവികൾ അതാത് ജില്ലാതല നോഡൽ ഐ.ടി.ഐ കളിൽ എത്തിക്കേണ്ട അവസാന തീയതി | 20.10.2017 |
| 2 | പ്രബന്ധങ്ങളുടെ വിലയിരുത്തൽ | 20.10.2017 |
| 3 | കണ്ടുപിടുത്തങ്ങളുടെ വിലയിരുത്തൽ | |
| | a) ജില്ലാതലം | 25.10.2017 |
| | b) മേഖലാതലം | 30.10.2017 |
| | c) സംസ്ഥാനതലം | 05.11.2017 മുതൽ 06.11.2017 വരെ |
| | കണ്ടുപിടുത്തങ്ങളുടെ പ്രദർശനവും വിലയിരുത്തലും | 07.11.2017 മുതൽ 08.11.2017 വരെ |
| 4 | അവാർഡ് ദാന ചടങ്ങ് | 09.11.2017 |

ഇതുമായി ബന്ധപ്പെട്ടുള്ള വിശദമായ നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു

1) ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ

ഓരോ ജില്ലയിലെയും സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിൽ നിന്ന് സമർപ്പിക്കുന്ന കണ്ടുപിടുത്തങ്ങളുടെ പ്രബന്ധങ്ങൾ അതാത് ജില്ലയിലെ ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ രൂപീകരിക്കുന്ന ജില്ലാതല കമ്മറ്റി പരിശോധിച്ച് വിലയിരുത്തേണ്ടതും തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ടി കമ്മറ്റി നേരിട്ട് സന്ദർശനം നടത്തി വിലയിരുത്തേണ്ടതുമാണ്.

ഇത്തരത്തിലുള്ള പരിശോധനയിൽ യോഗ്യത നേടുന്ന കണ്ടുപിടുത്തങ്ങളുടെ പ്രബന്ധങ്ങൾ മേഖലാ കമ്മറ്റിക്ക് 27.10.2017 ന് മുൻപായി കൈമാറേണ്ടതാണ്. കൂടാതെ യോഗ്യത നേടുന്ന കണ്ടുപിടുത്തങ്ങൾക്ക് ജില്ലാതല കമ്മറ്റി സർട്ടിഫിക്കറ്റ് വിതരണം നടത്തേണ്ടതുമാണ്.

ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർ ജില്ലാതല കമ്മറ്റിയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

ജില്ലാതല കമ്മറ്റി അംഗങ്ങൾ

1) ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ -ചെയർമാൻ
2) ജില്ലയിലെ 1st ഗ്രേഡ് പ്രിൻസിപ്പാൾ - അംഗം (ഒന്ന്)
3) വൈസ് പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസർ - അംഗം (രണ്ട്)
4) ഗ്രൂപ്പ് ഇൻസ്ട്രക്ടർ - അംഗം (രണ്ട്)
5) സീനിയർ ഇൻസ്ട്രക്ടർ - അംഗം ((ഒന്ന്)

ജില്ലാതല കമ്മറ്റി രൂപീകരിക്കേണ്ടത് അതാത് ജില്ലകളിലെ ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരാണ്. ജില്ലാതല കമ്മറ്റിയിലെ ആകെ അംഗങ്ങൾ 07-ൽ കവിയാൻ പാടില്ല. ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളിന് പുറമെ മറ്റ് 1st ഗ്രേഡ് പ്രിൻസിപ്പാൾമാർ ഇല്ലാത്ത ജില്ലകളിൽ, അതാത് ജില്ലയിലെ ഐ.ടി.ഐകളിലെ വൈസ് പ്രിൻസിപ്പളിനെ പകരം നിയോഗിച്ച് കമ്മറ്റി രൂപീകരിക്കാവുന്നതാണ്.

ജില്ലാതല കമ്മറ്റി ചെയർമാൻമാർ ടി വിഷയവുമായി ബന്ധപ്പെട്ട് വ്യാപകമായ പ്രചരണം ദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ നടത്തേണ്ടതാണ്.

2) മേഖലാ തലത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

മേഖലാതല പരിശോധന ട്രെയിനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള കമ്മറ്റി 5 മേഖലകളിലായി നടത്തേണ്ടതാണ്.

ജില്ലാതലത്തിൽ നിന്ന് ശിപാർശ ചെയ്യപ്പെടുന്ന കണ്ടുപിടുത്തങ്ങളുടെ പ്രബന്ധങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും തെരഞ്ഞെടുക്കുന്നവ നേരിട്ട് സന്ദർശനം നടത്തി വിലയിരുത്തേണ്ടതുമാണ്.

ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന പ്രബന്ധങ്ങൾ 04.11.2017 ന് മുൻപായി സംസ്ഥാനതല വിലയിരുത്തൽ കമ്മറ്റിക്ക് കൈമാറേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെട്ട കണ്ടുപിടുത്തങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തേണ്ടതാണ്.

**മേഖലാതല കമ്മറ്റി അംഗങ്ങൾ**

1. ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് — ചെയർമാൻ
2. ജില്ലാതല നോഡൽ ഐ.ടിഐ പ്രിൻസിപ്പാൾമാർ - അംഗം
3. വൈസ് പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസർ - അംഗം
4. തെരഞ്ഞെടുക്കുന്ന പ്രബന്ധവുമായി ബന്ധപ്പെട്ട വിഷയത്തിൽ അവഗാഹമുളള ഗ്രൂപ്പ് ഇൻസ്ട്രക്ടർ - അംഗം
5. തെരഞ്ഞെടുക്കുന്ന പ്രബന്ധവുമായി ബന്ധപ്പെട്ട വിഷയത്തിൽ അവഗാഹമുളള സീനിയർ ഇൻസ്ട്രക്ടർ - അംഗം
6. തെരഞ്ഞെടുക്കുന്ന പ്രബന്ധവുമായി ബന്ധപ്പെട്ട വിഷയത്തിൽ അവഗാഹമുളള പുറമെ നിന്നുളള വിദഗ്ധർ - അംഗം (മൂന്ന് അംഗങ്ങൾ)
7. എഞ്ചിനീയർ/ പോളിടെക്നിക്കുകളിൽ ലക്ചർ തസ്തികയിൽ കുറയാത്ത വിദഗ്ധർ - അംഗം

മേഖലാതല കമ്മറ്റിയിലെ അംഗങ്ങൾ 9 ൽ കവിയാൻ പാടില്ല. സംസ്ഥാനതല മൽസരത്തിനായി ഒരു മേഖലയിൽ നിന്നു പരമാവധി 4 കണ്ടുപിടുത്തങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.

മേഖലാതല കമ്മറ്റികൾ അതാത് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർ രൂപീകരിക്കേണ്ടതാണ്

**3) സംസ്ഥാനതലത്തിലെ നടപടി ക്രമങ്ങൾ**

**കമ്മറ്റി അംഗങ്ങൾ**

1) അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ —ചെയർമാൻ
2) ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസർ - അംഗം
3) ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് - അംഗം
4) പ്രിൻസിപ്പാൾ - അംഗം
5) ഡയറക്ടറേറ്റിലെ ടെക്നിക്കൽ അസിസ്റ്റന്റ് — അംഗം
6) വകുപ്പിലെ വിഷയ വിദഗ്ധർ - അംഗം
7) എഞ്ചിനീയറിംഗ് കോളേജിലെ ലക്ചർ തസ്തികയിൽ കുറയാത്ത വിദഗ്ധർ- അംഗം (രണ്ട് അംഗങ്ങൾ)
8) CII/FICCI പ്രതിനിധി — അംഗം

മേഖലാ തലത്തിൽ നിന്ന് സമർപ്പിക്കുന്ന പ്രബന്ധങ്ങൾ 05.11.2017 , 06.11.2017തീയതികളിൽ സംസ്ഥാനതല കമ്മറ്റി പരിശോധിക്കേണ്ടതാണ്. 07.11.2017, 08.11.2017 തീയതികളിൽ നിശ്ചയിക്കുന്ന വേദിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കണ്ടുപിടുത്തങ്ങളുടെ പ്രദർശനവും വിലയിരുത്തലും നടത്തുന്നതാണ്.

ടി നടപടികളുടെ പൂർണ്ണമായ വിജയത്തിനായി എല്ലാ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്കും
എല്ലാ ഐ.ടി.ഐ/ബി.ടി.സി/എ.വി.ടി.എസ് പ്രിൻസിപ്പാൾമാർക്കും
ട്രെയിനിംഗ് ഓഫീസർമാർക്കും
പകർപ്പ്

1. അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
2. ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ
3. ടെക്നിക്കൽ അസിസ്റ്റന്റ്
4. വകുപ്പ് വെബ്സൈറ്റിലേക്ക്.

എസ്.എച്ച്. 06.10.2017

**വളരെ അടിയന്തിരം**

**സമയബന്ധിതം**

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ഐ2/26367/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം-33
തീയതി: 12.10.2017.

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് –പ്ലാനിംഗ് - പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിന് ഐ.ടി.ഐകളിലെ ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ അവാർഡ് നൽകുന്നത്- പുതുക്കിയ സമയക്രമങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഐ2/26367/17 നമ്പരായുള്ള 06.10.2017 –ലെ ചുറ്ററിയിപ്പ്.

-------------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നവംബർ 9 ന് നാഷണൽ എന്റർപ്രണർഷിപ്പ് ഡേ ആചരിക്കുന്നതിന്റെ ഭാഗമായി ഐ.ടി.ഐ ട്രെയിനികളുടെ ഇടയിൽ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്ന ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതുമായി ബന്ധപ്പെട്ട് 'ബെസ്റ്റ് ഇന്നവേഷൻ' അവാർഡ് നൽകുന്നതിലേക്കായി വിവിധ സമയക്രമങ്ങൾ സൂചന പ്രകാരം അറിയിച്ചിരുന്നു.

11.10.2017-ന് ചേർന്ന പ്രിൻസിപ്പൽ കോൺഫറൻസിൽ മുൻപ് നിശ്ചയിച്ച് നൽകിയിട്ടുള്ള സമയക്രമങ്ങളിൽ മാറ്റം വരുത്തണമെന്ന് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരും പ്രിൻസിപ്പാൾമാരും അഭ്യർത്ഥിച്ചിരുന്നു. ഇത് പരിഗണിച്ച് ഇന്നവേഷൻ അവാർഡുമായി ബന്ധപ്പെട്ട സമയക്രമങ്ങൾ താഴെപറയും പ്രകാരം പുതുക്കി നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വിവരം അറിയിക്കുന്നു.

| ക്രമ നമ്പർ | സമയക്രമം | മുൻപ് നിശ്ചയിച്ചിരുന്ന തീയതി | പുതുക്കി നിശ്ചയിച്ചിട്ടുള്ള തീയതി |
|---|---|---|---|
| 1 | പ്രബന്ധം/മോഡൽ അതാത് സ്ഥാപന മേധാവികൾ അതാത് ജില്ലാതല നോഡൽ ഐ.ടി.ഐ കളിൽ എത്തിക്കേണ്ട അവസാന തീയതി | 20.10.2017 | 25.10.2017 |
| 2 | പ്രബന്ധങ്ങളുടെ വിലയിരുത്തൽ | 20.10.2017 | 25.10.2017 |
| 3 | കണ്ടുപിടുത്തങ്ങളുടെ വിലയിരുത്തൽ<br>a) ജില്ലാതലം | 25.10.2017 | 30.10.2017 |
| | b) മേഖലാതലം | 30.10.2017 | 05.11.2017 |
| | c) സംസ്ഥാനതലം | 05.11.2017 മുതൽ 06.11.2017 വരെ | 06.11.2017 |

കണ്ടുപിടുത്തങ്ങളുടെ പ്രദർശനം വിലയിരുത്തൽ, അവാർഡ് ദാന ചടങ്ങ് എന്നിവ മുൻനിശ്ചയിച്ച തീയതികളിൽതന്നെ നടക്കുന്നതാണ്.

പ്രബന്ധങ്ങൾ സമർപ്പിക്കേണ്ട തീയതി ദീർഘിപ്പിച്ച വിവരം തങ്ങളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളെ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ അറിയിക്കേണ്ടതാണ്. പുതുക്കിയ സമയക്രമ പ്രകാരം ടി വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ്ങ്മാർക്കും
എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ്
വകുപ്പ് വെബ്സൈറ്റിലേക്ക്.

എസ്.എച്ച്. 12.10.2017